# വേണ്ടത് കലഹത്തിന്റെ ആത്മാവല്ല, അനുരഞ്ജനത്തിന്റെ ആത്മാവാണ്

## അഡ്വ. ബിജു ഉമ്മനുമായുള്ള അഭിമുഖം



**1. താങ്കൾ അഅസോസിയേഷൻ സെക്രട്ടറിയായി മത്സരിക്കുന്നതിനേക്കുറിച്ച്?**

ദൈവത്തിന്റെ മഹാ കരുണയാൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിലേക്ക് നിരണം ഭദ്രാസനത്തിൽ നിന്നും തുടർച്ചയായി അഞ്ചാം തവണയും ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. പുണ്യശ്ലോകരായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ, പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ, ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ എന്നിവരോടൊപ്പവും ഇപ്പോൾ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായോടൊപ്പവും 23 വർഷം മാനേജിംഗ് കമ്മറ്റി അംഗമായി പ്രവർത്തിക്കാൻ സാധിച്ചു. ഈ അനുഭവസമ്പത്ത് കുറേക്കൂടി കാര്യക്ഷമമായി പ. സഭയുടെ വളർച്ചയ്ക്ക് ഉപയോഗിക്കാൻ സാധിക്കും എന്ന പ്രതീക്ഷയാണ്. എന്ന മത്സരരംഗത്ത് എത്തിച്ചത്.

**2. താങ്കളുടെ സഭാപ്രവർത്തന പശ്ചാത്തലം എന്താണ്?**

ഞാൻ കവിയൂർ സ്ലീബാ പള്ളി ഇടവകാംഗമാണ്. ഇടവകതലം മുതലാണ് എന്റെ സഭ പ്രവർത്തനങ്ങൾ ആരംഭിച്ചത്. മാതൃഇടവക സെക്രട്ടറി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, സുവിശേഷസംഘം ഡിസ്ട്രിക്ട് ഓർഗനൈസർ, നിരണം ഭദ്രാസന കൗൺസിൽ അംഗം, സഭാ മാനേജിംഗ് കമ്മിറ്റി അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിക്കാൻ  പ. സഭ അവസരം തന്നു. ലഭിച്ച അവസരങ്ങൾ വിശ്വസ്തതമായും ആത്മാർത്ഥമായും സഭയുടെ വളർച്ചയ്ക്കുവേണ്ടി വിനയോഗിക്കുവാൻ സാധിച്ചിട്ടുണ്ട് എന്ന് എനിക്ക് അഭിമാനപൂർവ്വം പറയാൻ സാധിക്കും.

**3. എടുത്തു പറയത്തക്ക സംഭാവനകൾ?**

സഭയുടെ റൂൾ കമ്മറ്റി, പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ലീഗൽ കമ്മീഷൻ, 2008-ലെ എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പ് സ്ക്രീനിംഗ് കമ്മറ്റി, കാതോലിക്കേറ്റ് & എം. ഡി. സ്കൂൾസ് ഗവേണിംഗ് ബോർഡ് എന്നിവയിലെ അംഗത്വം, വിവാഹ സഹായ പദ്ധതി, ഭവന സഹായ വിതരണ പദ്ധതി, പരുമലയിൽ നടന്ന മൂന്ന് മലങ്കര അസോസിയേഷൻ യോഗങ്ങളുടെ പബ്ലിസിറ്റി കമ്മിറ്റി എന്നിവയുടെ കൺവീനർ, പുനർവിവാഹം സംബന്ധിച്ചുള്ള പ. ബാവാ തിരുമേനിമാരുടെ നിയമോപദേഷ്ടാവ് തുടങ്ങിയ നിലകളിൽ വിശ്വസ്ഥതയോടെ പ്രവർത്തിക്കാൻ എനിക്കു സാധിച്ചിട്ടുണ്ട്.

**4. കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ താങ്കൾ മൗനി ആയിരുന്നു എന്ന ആരോപണത്തെക്കുറിച്ച്?**

മാനേജിംഗ് കമ്മറ്റിയിൽ ബഹളം വെയ്ക്കുന്നതല്ലല്ലോ ക്രിയാത്മകമായ പ്രവർത്തനം. ഫലപ്രദമായ ഭൂരിഭാഗം പ്രവർത്തികളും നിശബ്ദമായിരിക്കും. ആ നിലയിൽ എന്നെ ഏൽപ്പിച്ച കർത്തവ്യങ്ങൾ ഭംഗിയായി ചെയ്തിട്ടുണ്ട് എന്നാണെന്റെ വിശ്വാസം. ഉദാഹരണത്തിന് റൂൾ കമ്മിറ്റി അംഗം എന്ന നിലയിൽ 2006, 2011 വർഷങ്ങളിലെ സഭാഭരണഘടനാ ഭേദഗതി പ്രക്രിയയിൽ സജീവ പങ്കാളിത്തം വഹിക്കാനും, ലീഗൽ കമ്മീഷൻ അംഗം എന്ന നിലയിൽ 2016-ലെ അസോസിയേഷൻ നടപടിച്ചട്ട പരിഷ്കരണത്തിൽ മുഖ്യപങ്കു വഹിക്കാനും സാധിച്ചു. ഇതു മൂലം തെരഞ്ഞെടുപ്പു റദ്ദാവുന്ന ഇടവകകളിൽ സാദ്ധ്യമെങ്കിൽ പുനർ തെരഞ്ഞെടുപ്പു നടത്താനും 2017 മാർച്ച് ഒന്നിനു കൂടിയ മലങ്കര അസോസിയേഷനിൽ, സങ്കീർണമായിരുന്ന തെരഞ്ഞെടുപ്പു പ്രക്രിയകൾ (വോട്ടിംഗും കൗണ്ടിംഗും) ലളിതമാക്കാനും ഇടയായി. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് ഈ വിഷയങ്ങൾ പരിഗണിച്ച അവസരങ്ങളിൽ പ്രത്യേക ക്ഷണിതാവായിരുന്നു എന്ന കാര്യം വിനയപൂർവ്വം സ്മരിക്കുന്നു.

**5. അസോസിയേഷൻ സെക്രട്ടറി സ്ഥാനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്?**

നമ്മുടെ പ. സഭ ഒരു എപ്പിസ്ക്കോപ്പൽ സഭയാണ്. അതേസമയം അതൊരു മഹത്തായ ജനാധിത്യ പ്രസ്ഥാനവുമാണ്. പ. ബാവാ തിരുമേനിയാണ് ഈ സഭയുടെ ദൃശ്യതലവനും മുഖ്യകാര്യദർശിയും. അദ്ദേഹത്തോടൊപ്പം ചേർന്ന് പ്രവർത്തിക്കാനും അദ്ദേഹത്തെ സഹായിക്കാനുമാണ് അസോസിയേഷൻ സെക്രട്ടറിയെ തിരഞ്ഞെടുത്തു നിയമിക്കുന്നത്. ഈ കാഴ്ചപ്പാടാണ് എനിക്കുള്ളത്. ഞാൻ ബന്ധപ്പെട്ടിട്ടുള്ള ശ്രേഷ്ഠ പിതാക്കന്മാരിൽനിന്നും ഞാൻ പഠിച്ചതും അതാണ്.

**6. ഇതിനെപ്പറ്റി വേറിട്ട ചിന്തകൾ വല്ലതുമുണ്ടോ?**

ഒരിക്കൽക്കൂടി വ്യക്തമാക്കട്ടെ; പ. സഭയോടും പ. ബാവാ തിരുമേനിയോടും ചേർന്ന് സഭാഭരണഘടനയ്ക്കുള്ളിൽനിന്നല്ലാതെ അസോസിയേഷൻ സെക്രട്ടറിക്ക് ഒരു അസ്തിത്വവുമില്ല. അത് സെക്രട്ടറിക്കെന്നല്ല സഭയിലെ ഒരു സ്ഥാനിക്കുമില്ല. ഒരു എപ്പിസ്ക്കോപ്പൽ സഭ എന്ന നിലയിൽ സഭയിലെ പിതാക്കന്മാരുടേയും പ. സുന്നഹദോസിന്റെയും സ്ഥാനം അദ്വിതീയമാണ്. സഭയ്ക്കുള്ളിലെ വിവിധഘടകങ്ങൾ തമ്മിലുള്ള മത്സരം സഭയെ തളർത്തുക

മാത്രമേയുള്ളു. പ. ബാവായോടൊപ്പം പ. സുന്നഹദോസും മാനേജിംഗ് കമ്മിറ്റിയും സ്ഥാനികളും ചേർന്നുനിന്ന്, ഒരു മനസായി, സഭയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കുക. അതാണ് എന്റെ സ്വപ്നം. അത്തരമൊരു ഏകോപനമാണ് ഞാൻ ലക്ഷ്യമിടുന്നത്. കലഹത്തിന്റെ ആത്മാവല്ല, അനുരഞ്ജനത്തിന്റെ ആത്മാവാണ് സഭാ സ്ഥാനികളെ ഭരിക്കേണ്ടത്.

**7. സഭയും രാഷ്ട്രീയവും തമ്മിൽ?**

മലങ്കരസഭയ്ക്ക് രാഷ്ട്രീയമില്ല. ഉണ്ടായിരുന്നില്ല, ഉണ്ടാകാൻ പാടുമില്ല. പക്ഷേ സഭാംഗങ്ങൾക്ക് രാഷ്ട്രീയമുണ്ട്. അതിനവർക്ക് അവകാശവുമുണ്ട്. നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ പ്രക്രിയയിൽ പങ്കുചേരേണ്ടത് സഭാംഗങ്ങളുടെ കടമയാണ്. പക്ഷേ സ്വന്തം രാഷ്ട്രീയ ലക്ഷ്യപ്രാപ്തികൾക്ക് സഭയെ ആരും ഉപയോഗിച്ചുകൂടാ. പ്രത്യേകിച്ചും സഭാ സ്ഥാനികൾ. കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും എന്ന മനോഭാവമാണ് ഈ വിഷയത്തിൽ പുലർത്തേണ്ടത്.

**8. താങ്കൾക്ക് രാഷ്ട്രീയമുണ്ടെന്ന ആരോപണത്തേപ്പറ്റി?**

ഭൂരിപക്ഷം മലയാളികളെപ്പോലെ എനിക്കും രാഷ്ട്രീയ ആഭിമുഖ്യമുണ്ട്. അതൊരു തെറ്റായി ഞാൻ കാണുന്നില്ല. എനിക്ക് ഒരു രാഷ്ട്രീയപ്രസ്ഥാനത്തിലും അംഗത്വമില്ല. പക്ഷേ ഈ ദീർഘവർഷങ്ങളിലൊരിക്കലും ഒരു ഗ്രാമപഞ്ചായത്ത് അംഗമായിപ്പോലും ഞാൻ മത്സരിച്ചിട്ടില്ല. അതിനു ആഗ്രഹവുമില്ല. എനിക്കോ എന്റെ കുടുംബത്തിനോ യാതൊരു രാഷ്ട്രീയ മോഹങ്ങളുമില്ല. ഒരു കാര്യം ഉറപ്പു നൽകാം. അസോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ എന്റെയോ എന്റെ കുടുംബത്തിന്റെയോ നേട്ടങ്ങൾക്കായി പ. സഭയെ ഒരിക്കലും ഉപയോഗിക്കില്ല.

**9. സഭയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?**

അസോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ എനിക്കു തന്നെ സഭയിൽ ഒരു മാറ്റവും വരുത്താൻ സാധിക്കുകയില്ല. പക്ഷേ കൂട്ടായ പ്രവർത്തനത്തിലൂടെ അത്ഭുതങ്ങൾ നടത്താൻ നമ്മുടെ സഭയിൽ സാധിക്കും എന്നാണ് എന്റെ പരിപൂർണ്ണ വിശ്വാസം. അതിനുള്ള ആളും അർത്ഥവും നമുക്കുണ്ട്. കഴിവുള്ളവരെ നേതൃത്വ നിരയിലേയ്ക്കു കൊണ്ടുവരണം. പ്രതിഭകളുടെ കഴിവും കാര്യക്ഷമതയും സഭയ്ക്കായി വിനിയോഗിക്കുന്ന സാഹചര്യം ഉണ്ടാകണം. ഇതിനേക്കാൾ ഒക്കെ ഉപരി, പരസ്പര സഹവർത്തിത്വത്തിന്റെ അന്തരീക്ഷം സഭയിൽ പുനഃസ്ഥാപിക്കുക എന്നതാണ് അടിയന്തിര ആവശ്യം.

**10. ഇതിനൊക്കെ പിന്തുണ ലഭിക്കുമോ?**

ലഭിക്കും എന്നാണ് എന്റെ പരിപൂർണ്ണ വിശ്വാസം. പ. ബാവാ തിരുമേനിയുടെ അനുവാദവും അനുഗ്രഹവും വാങ്ങിയാണ് ഞാൻ മത്സര രംഗത്തിറങ്ങിയത്. നമ്മുടെ പിതാക്കന്മാരുമായും കൂട്ടുട്രസ്റ്റിമാരുമായും നല്ല ബന്ധം പുലർത്തുന്നു. എന്റെ കൂടെ മുൻ മാനേജിംഗ് കമ്മിറ്റികളിൽ ഉണ്ടായിരുന്ന അനേകർ ഇപ്പോഴും അംഗങ്ങളാണ്. നവ അംഗങ്ങളുമായി ഞാൻ ഇതിനകം നല്ല ബന്ധം സ്ഥാപിച്ചിട്ടുണ്ട്. എന്നെ അറിയാവുന്ന അവരുടെയൊക്കെ പിന്തുണ തീർച്ചയായും എനിക്കുണ്ടാകും. അതിനുമപ്പുറം എന്റെ സ്വന്ത നേട്ടത്തിനായി അല്ലാതെ സഭയുടെ വളർച്ചയ്ക്കായി നടത്തുന്ന പ്രവർത്തനങ്ങളെ എല്ലാ സഭാ സ്നേഹികളും പിന്തുണയ്ക്കുമെന്നു എനിക്കു ഉത്തമ ബോദ്ധ്യമുണ്ട്.

**11. മനേജിംഗ് കമ്മറ്റി അംഗങ്ങളോട് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?**

നമുക്ക് ദൈവാനുഗ്രഹമാണ് ആദ്യം വേണ്ടത്. അതിനായി മുട്ടിപ്പായി പ്രാർത്ഥിക്കുക. പ. സഭയ്ക്കും നമ്മുടെ പ. ബാവാ തിരുമേനിക്കും വേണ്ടി നിരന്തരം പ്രാർത്ഥിക്കുക. ഞാൻ യോഗ്യനെന്ന്, എന്റെ സേവനം നമ്മുടെ സഭയ്ക്ക് ആവശ്യമെന്ന്, നിങ്ങൾക്ക് ഉത്തമബോദ്ധ്യമുണ്ടെങ്കിൽ എന്നെ അസോസിയേഷൻ സെക്രട്ടറി സ്ഥാനത്തേക്കു വിജയിപ്പിക്കുക. നിസാരനായ എനിക്കുവേണ്ടിയും പ്രാർത്ഥിക്കുക.

❑